## Part - A

# 1st Language - Malayalam (AT)

## Question No. 1 to 15

**പാർട്ട് A ഒന്നാം ഭാഷ AT യിൽ 15 ചോദ്യങ്ങൾ ഉണ്ടായിരിക്കും. എല്ലാ ചോദ്യങ്ങൾക്കും കുട്ടികൾ ഉത്തരം എഴുതേണ്ടതാണ്.**

1. "ഒരു വാച്ചിനേക്കാൾ എളുപ്പത്തിൽ പത്തിരുപത്തിയഞ്ചു വർഷത്തെ എന്റെ ശരീരത്തിൽ നിന്നും എനിക്ക് അഴിച്ചുമാറ്റാൻ പറ്റി" – ഇത് ആരുടെ വാക്കുകളാണ് ?

   (A) ചന്ദ്രേട്ടൻ

   (B) രേഖ

   (C) ജഗൻ

   (D) മുത്തശ്ശൻ

2. നെൽപ്പാടം എന്ന പദം പിരിച്ചെഴുതിയാൽ കിട്ടുന്നത് താഴെക്കൊടുത്തിരിക്കുന്നവയിൽ ഏതാണ് ?

   (A) നെൽ + പാടം

   (B) നെൽ + പ്പാടം

   (C) നെൻ + പാടം

   (D) നെൻ + പ്പാടം

3. കൂട്ടത്തിൽ പെടാത്ത പദം കണ്ടെത്തുക.

   (A) ത്രാണി

   (B) ശക്തി

   (C) മുക്തി

   (D) ശേഷി

4. "കാലിഫോർണിയയിലെ നിമ്നോന്നതങ്ങളിലും സ്വാതന്ത്ര്യം മുഴങ്ങട്ടെ. മിസിസിപ്പിയിലെ എല്ലാ കുന്നിലും സ്വാതന്ത്ര്യം മുഴങ്ങട്ടെ. എല്ലാ മലയോരങ്ങളിലും സ്വാതന്ത്ര്യം <u>മുഴങ്ങട്ടെ</u>." അടിവരയിട്ട പദം ഏത് പ്രകാരത്തെ കുറിക്കുന്നു ?

   (A) നിയോജകപ്രകാരം

   (B) വിധായകപ്രകാരം

   (C) അനുജ്ഞായകപ്രകാരം

   (D) നിർദേശകപ്രകാരം

5. നിഘണ്ടുവിലേതു പോലെ ക്രമീകരിച്ച് എഴുതിയത് ഏത് ?

   (A) ഗർഭഗൃഹം, അഭിമതം, നിദ്ര, ഉദ്ഘാരം

   (B) അഭിമതം, നിദ്ര, ഗർഭഗൃഹം, ഉദ്ഘാരം

   (C) അഭിമതം, ഉദ്ഘാരം, ഗർഭഗൃഹം, നിദ്ര

   (D) അഭിമതം, ഗർഭഗൃഹം, ഉദ്ഘാരം, നിദ്ര

6. ഒരു സന്ദർഭത്തെ ചിത്രത്തിലെന്ന പോലെ ദൃശ്യവൽക്കരിക്കുന്നതിനെ എന്ത് പറയുന്നു ?

   (A) നിശ്ചല ദൃശ്യം

   (B) ചൊൽക്കാഴ്ച

   (C) സിനിമ

   (D) നാടകം

7. ഉയർന്നു നിൽക്കുന്ന എന്നർത്ഥം വരുന്ന പദം ഏത് ?

   (A) നിമ്നം

   (B) അഗാധം

   (C) തുംഗം

   (D) നീളെ

B

8. എണ്ണീടുകാർക്കുമിതു താൻ ഗതി ! സാധ്യമെന്തു കണ്ണീരിനാൽ ? അവനി വാഴ്‌വു കിനാവു കഷ്ടം !
ഈ വരികൾക്കു യോജിക്കുന്ന ജോടി താഴെ തന്നിരിക്കുന്നവയിൽ ഏതാണ് ?
(A) കുഞ്ചൻ നമ്പ്യാർ – ഓട്ടൻ തുള്ളൽ
(B) കുമാരനാശാൻ – വീണപൂവ്
(C) ഉള്ളൂർ – പ്രേമസംഗീതം
(D) വള്ളത്തോൾ – ചിത്രയോഗം

9. കൂട്ടത്തിൽപ്പെടാത്ത പദം കണ്ടെത്തുക.
(A) നീഹാരം
(B) തുഷാരം
(C) പ്രാലേയം
(D) മാലേയം

10. "നന്മയുള്ളവൻ എവിടെ ഇടപഴകിയാലും അവിടെയുള്ളവർ നല്ലവരായിടും" – ഈ വാക്യത്തിന് ഏറ്റവും ഉചിതമായ വരികളേത് ?
(A) ഇണങ്ങിയാൽ നക്കിക്കൊല്ലും
(B) ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന്ന് കൗതുകം
(C) മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും കല്ലിനുമുണ്ടാമൊരുസൗരഭ്യം
(D) കാരസ്കാരത്തിൻ കുരു പാലിലിട്ടാൽ കാലാന്തരേ കയ്പു ശമിപ്പതുണ്ടോ ?

11. മുത്തശ്ശൻ കലിതുള്ളുന്നു. "ഓന്റെ നടുപ്പുറം അടിച്ച് പൊളിക്ക് രാജാ" – അടിവരയിട്ട പ്രയോഗത്തിന്റെ ആശയം കണ്ടെത്തുക.
(A) കലാപ്രകടനം നടത്തുന്നു.
(B) ദേഷ്യം കൊണ്ട് വിറയ്ക്കുന്നു.
(C) ആജ്ഞാപിക്കുന്നു
(D) ചിരിക്കുന്നു.

12. കവിയും നിരൂപകനും ഭാഷാ പണ്ഡിതനുമായിരുന്ന ആർ. രാമചന്ദ്രന്റെ നേതൃത്വത്തിൽ നടന്നിരുന്ന സാഹിത്യ ചർച്ചകളുടെ പേരെന്തായിരുന്നു ?
(A) വിദ്വൽ സദസ്സ്
(B) കോലായ
(C) സാഹിത്യ തീരം
(D) പുഴയോര ചർച്ച.

13. "വാക്ക് ഒരു ചലനശക്തിയാണെന്നും അത് പകർന്ന് കൊടുത്ത് ശ്രോതാവിനെ പ്രചോദിപ്പിക്കാനാണ് താൻ ശ്രമിക്കുന്നതെന്നും തന്റെ ആശയം ഊതി വീർപ്പിക്കാനുള്ള ബലൂണായി കാണാറില്ലെന്നും" – സുകുമാർ അഴീക്കോട് അഭിപ്രായപ്പെടുന്നു. – ഇവിടെ ബലൂൺ എന്ന പദത്തിന്റെ സാന്ദർഭികാർത്ഥം എന്ത് ?
(A) പ്രസംഗം
(B) ശ്രോതാവ്
(C) വേദി
(D) മൈക്ക്

14. മഹാകവി കുമാരനാശാൻ പത്രാധിപരായിരുന്ന മാസിക ഏതാണ് ?
(A) ഭാഷാപോഷിണി
(B) വിവേകോദയം
(C) മിതവാദി
(D) കവന കൗമുദി

15. ജ്ഞാനപീഠം, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം എന്നീ ബഹുമതികൾ ലഭിച്ച എഴുത്തുകാരൻ ആര് ?
(A) ഒ. വി. വിജയൻ
(B) സച്ചിദാനന്ദൻ
(C) വൈക്കം മുഹമ്മദ് ബഷീർ
(D) ഒ. എൻ. വി. കുറുപ്പ്

-oOo-

B